# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 112 — 28.01.2019-ൽ മറുപടിക്ക്

## ശബരിമല യുവതി പ്രവേശനത്തെ തുടർന്നുള്ള അക്രമസംഭവങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെ യുവതീ പ്രവേശനത്തെ തുടർന്ന് ഉണ്ടായ അക്രമ സംഭവങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ കേസുകളിൽപ്പെട്ട എത്ര പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്; തിരിച്ചറിയപ്പെട്ട പ്രതികൾ ഏതെല്ലാം സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെന്ന് വ്യക്തമാക്കുമോ; | (എ) ശബരിമലയിലെ യുവതീ പ്രവേശനത്തെ തുടർന്ന് (02.01.2019 മുതൽ) ഉണ്ടായ അക്രമ സംഭവങ്ങളിൽ 1007 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽപ്പെട്ട 16766 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്, തിരിച്ചറിയപ്പെട്ട പ്രതികൾ ബി.ജെ.പി/ ആർ.എസ്.എസ്./ ശബരിമല കർമ്മസമിതി/ യു.ഡി.എഫ്./ എൽ.ഡി.എഫ്/ എസ്.ഡി.പി.ഐ സംഘടനകളിൽ പ്രവർത്തിക്കുന്നവരാണ്. |
| (ബി) ഇക്കഴിഞ്ഞ മണ്ഡലകാലത്തെ വിവിധ വിശേഷദിവസങ്ങളിൽ ശബരിമലയിലും വിവിധ പ്രദേശങ്ങളിലുമായി നടന്ന അക്രമ സംഭവങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു; ഈ കേസുകളിൽപ്പെട്ട എത്ര | (ബി) ഇക്കഴിഞ്ഞ മണ്ഡലകാലത്തെ (16.11.2018 മുതൽ 27.12.2018) വിവിധ വിശേഷദിവസങ്ങളിൽ ശബരിമലയിലും വിവിധ പ്രദേശങ്ങളിലുമായി നടന്ന അക്രമ സംഭവങ്ങളിൽ 367 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്; ഇവർ ഏതെല്ലാം സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെന്ന് അറിയിക്കുമോ? | ഇത്തരം കേസുകളിൽപ്പെട്ട 4206 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്, തിരിച്ചറിയപ്പെട്ട പ്രതികൾ ബി.ജെ.പി/ ആർ.എസ്.എസ്./ ശബരിമല കർമ്മസമിതി/ യു.ഡി.എഫ്./ എൽ.ഡി.എഫ്/ എസ്.ഡി.പി.ഐ സംഘടനകളിൽ പ്രവർത്തിക്കുന്നവരാണ്. |

**സെക്ഷൻ ഓഫീസർ**